http://theendtimenews.com/



## ബൈബിൾ പാരായണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ

തുടർച്ച 03 പേജിൽ

CHRISTIAN NEWS FEBRUARY 2020

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് -കോൾ

Volume 02 Issue No:26 Pages:13 Reg: TVM/1717/2014, Established:USA, Published from:India

## ട്രംപിനെ കുറ്റവിമുക്തനാക്കി സെനറ്റ്; ഇംപീച്ച്മെന്റ് പ്രമേയം തള്ളി



**വാഷിംഗ്ടൺ:** അമേരിക്കൻ പ്രസിഡന്റ് ട്രംപിനെതിരായ ഇംപീച്ച്മെന്റ് പ്രമേയം സെനറ്റ് തള്ളി. ട്രംപ് അധികാര ദുർവിനിയോഗം നടത്തിട്ടില്ലെന്നും അതുകൊണ്ട് തന്നെ കുറ്റവിമുക്തനാണെന്നുമാണ് സെനറ്റിന്റെ വിധി. അധികാര ദുർവിനിയോഗം കുറ്റത്തിൽ നിന്ന് 48 നെതിരെ 52 വോട്ടുകൾക്കും കോൺഗ്രസ്സിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിയെന്ന കുറ്റത്തിൽ നിന്ന് 47 നെതിരെ 53 വോട്ടുകൾക്കുമാണ് പ്രമേയം തള്ളിയത്.

നാലുമാസം നീണ്ട ഇംപീച്ച്മെന്റ് വിചാരണകൾക്കുശേഷമാണ് ട്രംപ് കുറ്റവിമുക്തനായിരിക്കുന്നത്. ജനപ്രതിനിധി സഭയിൽ ഇംപീച്ചമെന്റ് പ്രമേയം അംഗീകരിച്ചതിനെ തുടർന്നായിരുന്നു സെനറ്റിലെ കുറ്റവിചാരണ. അധികാര ദുർവിനിയോഗം,കോൺഗ്രസ്സിന്റെ പ്രവർത്തനം തടസ്സപ്പെടുത്തൽ എന്നിവയായിരുന്നു ട്രംപിനെതിരായ

തുടർച്ച 06 പേജിൽ

**അമേരിക്കൻ പ്രസിഡന്റായി താൻ തന്നെ എക്കാലവും തുടരുമെന്ന വീഡിയോ ഡോണാൾഡ് ട്രംപ് ഷെയർ ചെയ്തിട്ടുണ്ട്. സെനറ്റിലെ ട്രംപിന്റെ വിജയം ഒട്ടും അപ്രതീക്ഷിതമായിരുന്നില്ല.**

## കോറോണയെക്കുറിച്ച് ആദ്യം മുന്നറിയിപ്പ് നൽകിയ ഡോക്ടറും വൈറസ് ബാധിച്ചു മരിച്ചു.



**ബെയ്ജിങ്ങ്:** കോറോണ ബാധയെക്കുറിച്ച് ആദ്യം മുന്നറിയിപ്പ് നൽകിയ ചൈനീസ് ഡോക്ടർ ലീ വെൻലിയാങ് (34) ആണ് വുഹാനിലെ ആശുപത്രിയിൽ മരിച്ചത്.

കോറോണ പൊട്ടിപ്പുറപ്പെട്ട വുഹാനിലെ സെൻട്രൽ ആശുപത്രിയിലെ നേത്രരോഗ വിദഗ്ധനായിരുന്നു ലീ വെൻലിയാങ്. ജില്ലയിലുടനീളം ആളുകളെ ഒരു വൈറസ് ബാധിക്കുന്നതായി തിരിച്ചറിഞ്ഞ ഇദ്ദേഹം ഇക്കാര്യം ചാറ്റിലൂടെ സുഹൃത്തുക്കളായ ഡോക്ടറുമാരുമായി ഡിസംബർ 30 ന് മുമ്പ് തന്നെ പങ്കുവെച്ചിരുന്നു.

സാർസ് പോലെയുള്ള രോഗലക്ഷണങ്ങളോടെ ഏഴ് രോഗികൾ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും എല്ലാവരും ഒരേ മാർക്കറ്റിൽ നിന്ന് മൃഗമാംസം വാങ്ങി ഭക്ഷിച്ചവരാണെന്നും അദ്ദേഹം പറഞ്ഞു. ബന്ധപ്പെട്ടവർക്ക് ഇക്കാര്യത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകണമെന്നും അദ്ദേഹം സുഹൃ

തുടർച്ച 06 പേജിൽ

## സമൂഹമാധ്യമങ്ങൾ ആധാറുമായി ബന്ധിപ്പിക്കില്ലെന്നു കേന്ദ്രസർക്കാർ




**ന്യൂഡൽഹി:** സമൂഹ മാധ്യമ അക്കൗണ്ടും ആധാറും ബന്ധിപ്പിക്കാൻ നീക്കമില്ലെന്നു കേന്ദ്ര സർക്കാർ ലോകസഭയെ അറിയിച്ചു. സമൂഹമാധ്യമങ്ങളിലൂടെ അശ്ലീല വീഡിയോയും പ്രചരിപ്പിക്കുന്നത് തടയാൻ നടപടിയെടുത്തിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി രവി ശങ്കർ പ്രസാദ് ചോദ്യത്തിന് മറുപടിയായി പറഞ്ഞു. സമൂഹമാധ്യമ അക്കൗണ്ടും ആധാറും ബന്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ സുപ്രീംകോടതി പരിഗണനയിലിരിക്കവെയാണ് കേന്ദ്രം നിലപാട് വ്യക്തമാക്കിയത്.

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ് -കോൾ







# EDITORIAL BOARD

### CHIEF EDITOR
Baiju Yacob Edavila

### SUB EDITOR
Manuel Joseph
Daniel Jacob

### EDITORS
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

### MANAGER
Bovas Sreekaryam

### CO-ORDINATORS
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

### REPORTERS
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

### ADVISORY BOARD
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram


INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

# വൻമതിൽ താണ്ടി കൊറോണ

**കൊ**റോണ വൈറസിനെപ്പറ്റി ലോകാരോഗ്യ സംഘടന സമിതി ജനുവരി 22 ന് നടത്തിയ വാർത്താ സമ്മേളനത്തിൽ ഇപ്രകാരം പറയുവാനിടയായി, രോഗബാധയേറ്റവരിൽ മുക്കാൽ ഭാഗവും 40 വയസ്സിനുമുകളിലുള്ളവരാണ്. മരണമടഞ്ഞവരിൽ പലർക്കും ഹൃദയ സംബന്ധമായ അസുഖങ്ങൾ, പ്രമേഹം എന്നിവയുണ്ട്. എന്നാൽ ആരോഗ്യമുള്ള ചെറുപ്പക്കാരിൽ സ്ഥിതീകരിച്ച കേസുകളിൽ ഈ വൈറസുകൾക്ക് നിർദ്ദിഷ്ഠ ചികിത്സ ഒന്നും തന്നെ ഇല്ല. അംഗീകൃത വാക്സിൻ ലഭ്യമല്ല. കൊറോണ വൈരിഡേ കുടുംബത്തിലെ ഓർത്തോ കൊറോണ വൈരിന എന്ന ഉപകുടുംബത്തിലെ വൈറസുകളാണ് കൊറോണ വൈറസുകൾ. ഇവയുടെ ജിനോമിക് വലുപ്പം ഏകദേശം 26 മുതൽ 32 കിലോ ബേസ് വരെയാണ്. ഇത് ആർഎൻഎ വൈറസുകളിൽ വച്ച് ഏറ്റവും വലുതാണ്.

ചൈനയിലെ ദേശീയ ആരോഗ്യ കമ്മീഷൻ 25 വുഹാൻ നഗരത്തിലെ ആരോഗ്യ പരിപാലന തൊഴിലാളികൾ രോഗബാധിതരാണെന്ന് സ്ഥിതീകരിച്ചു. ഇതിനെ തുടർന്നാണ് ലോകം ഈ വ്യാധിയുടെ തീവ്രത അറിഞ്ഞത്. 2019 ഡിസംബറിൽ രേഖപ്പെടുത്തിയ എല്ലാ കേസുകളും ചൈനീസ് നഗരമായ വുഹാനിലെ ഒരു മൃഗ കമ്പോളത്തിൽ നിന്നായിരുന്നു. വുഹാൻ എന്നത് ഒരു പ്രധാന ലോജിസ്റ്റിക് ഗതാഗത കേന്ദ്രമാണ്. 11 ദശലക്ഷത്തിലധികം ആളുകൾ താമസിക്കുന്ന ഷാങ്ങ്ഹായ്ക്ക് പടിഞ്ഞാറ് 500 മൈൽ അകലെയാണ് ഇത്.

കൊറോണവൈറസ് കടുത്ത പനിയ്ക്കും ശ്വാസ കോശലക്ഷണങ്ങൾക്കും കാരണമാവും വരണ്ട ചുമ, ശ്വസിക്കാൻ ബുദ്ധിമുട്ട്, ന്യുമോണിയ, വൃക്ക തകരാറ് എന്നിവയും ഇതിന്റെ ലക്ഷണങ്ങളാണ്. ഈ വൈറസിനെ പ്രതിരോധിപ്പാൻ ഉള്ള മരുന്ന് ഇപ്പോഴും കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന ദുഖകരമായ സത്യം ലോകത്തെ ഭീതിയുടെ മുൾമുനയിൽ നിർത്തുന്നു. ജാഗരൂകരായി ദൈവസന്നിധിയിൽ പ്രാർത്ഥനയോടെ ആയിരിക്കാം.



*ബൈജു യാക്കോബ്*
*ഇടവിള*

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.



# ബൈബിൾ പാരായണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ

ജോസഫ് പി.ജേക്കബ്,
കോട്ടയം.

**ബൈ**ബിൾ മനുഷ്യന്റെ ദൃഷ്ടിയിൽ ചെറിയൊരു പുസ്തകം മാത്രമാണ്. ഇക്കാലത്ത് കീശയിൽ സുരക്ഷിതമായി കൊണ്ടു നടക്കാനുള്ള വലിപ്പം മാത്രമെ ഇതിനുള്ളൂ. എങ്കിലും , ലോകത്തിലെ തലയെടുപ്പുള്ള പണ്ഡിതന്മാർ നൂറ്റാണ്ടുകളായി ജീവിതകാലം മുഴുവൻ പഠിച്ചിട്ടും അതിന്റെ ആഴം അളക്കുവാൻ സാധിച്ചിട്ടില്ല. ലക്ഷക്കണക്കിനു ഗ്രന്ഥങ്ങൾ ബൈബിളിനെ ആധാരമാക്കി രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിൽ ഇപ്പോഴും പുതുമ നിലനിൽക്കുന്നു. അതു രചിക്കപ്പെട്ട കാലഘട്ടത്തിലെന്നപോലെ ഇപ്പോഴും അതു പുതുമനിറഞ്ഞതായി അനുഭവപ്പെടുന്നു. കാലം അതിനെ പഴഞ്ചനാക്കുന്നില്ല. അമ്പതു വർഷത്തിനു മുമ്പിൽ എഴുതപ്പെട്ട നോവലുകൾ മിക്കവയും ഇപ്പോൾ വായിക്കുമ്പോൾ നമുക്ക് ഉൽക്കൊള്ളാനാവിന്നില്ല. അതേ സമയം, ബൈബിൾ ആകട്ടെ, എല്ലാക്കാലത്തും സ്വീകാര്യമായ ആശ്രയങ്ങളാണ് പ്രകാശിപ്പിക്കുന്നത്.

ബൈബിളിലെ അതുല്യമായ ബഹുമതികൾ അതിന്റെ ശക്തിയ്ക്ക് നിദാനമായി നിലകൊള്ളുന്നു. കാരണം, ലോകത്തിൽ ആദ്യമായി വിവർത്തനം ചെയ്യപ്പെട്ട ഗ്രന്ഥം, ആദ്യമായി അച്ചടിച്ച ഗ്രന്ഥം, ആദ്യമായി ചന്ദ്രനിൽ വഹിച്ചുകൊണ്ടുപോയ ഗ്രന്ഥം, ഏറ്റവുമധികം ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ട ഗ്രന്ഥം - ഇങ്ങനെ നിരവധി രിക്കാർഡുകൾ ബൈബിളിന് മാത്രം അവകാശപ്പെട്ടതാണ്.

അതിനാൽ ബൈബിൾ വായിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നമുക്കു ചുരുക്കമായി പരിശോധിക്കാം.

ഒന്ന്, കർത്താവിനായി കാത്തിരിക്കുക.

നിശ്ചലമായ ജലാശയത്തിൽ ഒരു ചെറിയ കല്ല് വീഴുമ്പോൾ അനുഭവപ്പെടുന്ന ചലനംപോലെ ശാന്തവും ശാലീനവുമായ ഒരു അനുഭൂതി നാം ബൈബിൾ പാരായണം ചെയ്യുമ്പോൾ ലഭിക്കും. അതിനാൽ നാം വായിക്കുമ്പോൾ അത്തരത്തിലൊരു സാഹചര്യം നാം സൃഷ്ടിക്കേണ്ടതാണ്. മറിയയെപ്പോലെ നാം യേശുവിന്റെ പാദപീഠത്തിലിരുന്നു പഠിക്കുമ്പോൾ നമുക്കത് അനുഭവവേദ്യമായിത്തീരും (ലൂക്കോ10:38-42) .

രണ്ട്, കർത്താവിന്റെ ആലോചനക്കനുസൃതമായി നിലകൊണ്ടുവേണം പഠിക്കേണ്ടത്.

ദൈവവചനം ധ്യാനിക്കുമ്പോൾ നമുക്കതു സ്വീകരിക്കാൻ സാധിക്കും. ഇതരഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതുപോലെ നാം ബൈബിൾ വായിക്കരുത്. കാരണം, ദൈവത്തിന് നമ്മോട് അറിയിക്കാനുള്ളത് സ്വാംശീകരിക്കാനുള്ള മനോഭാവം നമുക്ക് അനിവാര്യമാണ് യഹോവയുടെ വചനം അവികലമാണ്; അതു ആത്മാവിന് പുതുജീവൻ നൽകുന്നു.യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാണ് ; അതു വിനീതരെ വിജ്ഞാനിയാക്കുന്നു; യഹോവയുടെ കൽപ്പനകൾ നീതിയുക്തമാണ്; അതു ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. യഹോവയുടെ പ്രമാണം വിശുദ്ധമാണ്; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു.( സങ്കീ19:7,8)

മൂന്ന്, ചോദിക്കുക, എടുക്കുക, ഭക്ഷിക്കുക.

പ്രവചനങ്ങൾ നിറച്ചുവച്ച ഒരു ചെറു പുസ്തകമാണ് ബൈബിൾ (വെളിപ്പാട്10) ആറാമത്തെ കാഹളധ്വനിക്കും ഏഴാമത്തെ കാഹളധ്വനിക്കും മധ്യത്തിലുള്ള ഒരു സംഭവമാണ് വെളിപ്പാട് 10-ാം അദ്ധ്യായത്തിലെ പ്രമേയം. അവിടെ യോഹന്നാന് വ്യക്തിപരമായി ലഭിക്കുന്ന നവ്യമായൊരു അനുഭവമായിട്ടാണ് വെളിപ്പാടിനെ ചിത്രീകരിച്ചിരിക്കുന്നത്. നമ്മുടെ ജീവിത്തിലും ഇത്തരം നവ്യാനുഭവം അനിവാര്യമാണ്.

ദൈവദൂതന്റെ കയ്യിൽ നിന്നും ചെറിയൊരു പുസ്തകം വാങ്ങി ഭക്ഷിക്കുവാൻ യോഹന്നാനോട് ആവശ്യപ്പെടുന്നു(10:8). ബൈബിൾ ഇപ്രകാരം ദൈവം നൽകുന്ന ദാനമാണ്. ദൈവത്തിന്റെ കൽപ്പനയാണിത്. അതിനാൽ അത് നാം സ്വന്തമാക്കേണ്ടതാണ്.

യോഹന്നാൻ പുസ്തകം ആവശ്യപ്പെടുന്നു-വിശ്വാസികൾ പ്രാർത്ഥനയോടെ ദൈവവചനം അന്വേഷിക്കണം. അതിന്റെ പ്രതി കൈക്കലാക്കിയാൽമാത്രം പോരാ, അതു താൽപ്പര്യത്തോടെ പാരായണം ചെയ്യേണ്ടതാണ്.പിന്നീട് അതു ഭക്ഷിക്കുവാൻ യോഹന്നാന് നിർദ്ദേശം ഉണ്ടായതായി കാണുന്നു. നാം ജിജ്ഞാസയോടെ വായിച്ചാൽ മാതരം പോര, അതു ഭക്ഷിക്കണം.

തുടർച്ച 11 പേജിൽ




# യാഗസമാനമായ സമർപ്പണം




**സാം സഖറിയ**

**കൊട്ടാരക്കര**


യാഗവിധം

## നെഞ്ചും കൈക്കുറകും പുരോഹിതന്റെ ഓഹരി

**നീ**രാജനത്തിന്റെ നെഞ്ചും ഉദർച്ചയുടെ കൈക്കുറകും സമാധാന യാഗം അർപ്പിക്കുന്ന പുരോഹിതനുള്ളതാണ്. നെഞ്ച് സ്നേഹത്തിന്റെയും കൈക്കുറക് ശക്തിയുടെയും അധികാരത്തിന്റെയും പ്രതീകമായി മനുക്കു ചിന്തിക്കാവുന്നതാണ്. ദൈവീക ശുശ്രൂഷ ചെയ്യുന്നവരുടെ ഭൗതീകാവശ്യങ്ങൾക്കും ദൈവം ശ്രേഷ്ഠമായ മാർഗ്ഗങ്ങൾ തന്നെയാണ് ഒരുക്കിയിരിക്കുന്നത്. ആടിനെ മേയ്ക്കുന്നവൻ ആടിന്റെ പാൽകൊണ്ട് ഉപജീവനം കഴിക്കുക എന്നത് ദൈവവ്യവസ്ഥ തന്നെയാണ്. ഇടയൻ ആരോഗ്യമുള്ളവനാണെങ്കിൽ മാത്രമെ ആടിനെ പരിപാലിക്കാൻ കഴിയുകയുള്ളൂ. ദൈവീക ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷയാണ് ചെയ്യുന്നത് എന്ന ബോദ്ധ്യത്തോടെ ജീവിക്കേണ്ടതും അവരവരുടെ ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും മനുഷ്യരെയല്ല; ദൈവത്തെ പ്രസാദിപ്പിക്കുന്നവരായി നിർവ്വഹിക്കേണ്ടതുമാണ്. അവർ ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടുന്നവരും. ആത്മാക്കൾക്കുവേണ്ടി ജാഗിക്കുന്നവരുമാകയാൽ അവരെ സ്നേഹത്തോടെ കരുതേണ്ടതും അവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കേണ്ടതുമാണ്(എബ്രായർ13:17)

ദൈവസന്നിധിയിൽ ഉയർത്തപ്പെട്ട നെഞ്ചും കൈക്കുറകുമാണ് പുരോഹിതനുള്ള ഓഹരി. ദൈവീക ശുശ്രൂഷയുടെ മഹത്വം എത്ര വലുതാണ് എന്നു നാം മനസ്സിലാക്കേണ്ടതാണ്. അവർ ദൈവത്താൽ നിയോഗിക്കപ്പെട്ടവരും ദൈവജനത്താൽ പരിപോഷിപ്പിക്കപ്പെടേണ്ടവരുമാണ്. ദൈവത്തിനു നൽകുന്നു എന്നപോലെ അവരുടെ ഭൗതികാവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കേണ്ടതുമാണ്. നന്മ ചെയ്യുവാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത് ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത് എന്ന് ദൈവവചനം പറയുന്നു(എബ്രാ13:15) അതേ സമയം ദൈവദാസന്മാർ ഘനശാലികളായിരിക്കേണ്ടതും ധനത്തിനു വേണ്ടി മനുഷ്യരെയോ സംഘടനകളെയോ ആശ്രയിക്കാതിരിക്കയും വേണം.

മഹാപുരോഹിതൻ സമാഗമനകൂടാരത്തിൽ ശുശ്രൂഷ ചെയ്യുമ്പോൾ യിസ്രായേൽ

തുടർച്ച 05പേജിൽ

## 03-ാം പേജ് തുടർച്ച

ഗോത്രങ്ങളുടെ പേർ പതിച്ച മാർപതക്കം മാർവ്വിൽ വഹിച്ചിരുന്നു. നമ്മുടെ കർത്താവു നമ്മെ മാർവ്വിൽ വഹിച്ചുകൊണ്ട് പിതാവിന്റെ വലത്തുഭാഗത്തു നമുക്കുവേണ്ടി പക്ഷവാദം കഴിച്ചു കൊണ്ടിരിക്കുന്നു, യേശുക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണവും വീണ്ടെടുപ്പും പ്രാപിച്ചവരെങ്കിലും നമ്മുടെ ജീവിത്തതിൽ ലോകത്താലുള്ള അശുദ്ധിയും കളങ്കവും പറ്റാനുള്ള സാദ്ധ്യത വളരെയുണ്ട്. ഏതെങ്കിലും നിലയിൽ അശുദ്ധി സംഭവിച്ചാൽ അതിനുള്ള പരിഹാരവും നമ്മുടെ കർത്താവിൽ തന്നെയുണ്ട്. യാഗപീഠത്തിന്റെ സമീപത്തു തന്നെ വെച്ചിരുന്ന താമ്രയാഗപീഠം നമ്മുടെ അശുദ്ധിയെ കാണിച്ചു തരുന്നു എന്നു മാത്രമല്ല; അതിൽ നിറച്ചിരിക്കുന്ന വെള്ളം അശുദ്ധിയെ കഴുകിക്കളയുവാൻ പര്യാപ്തവുമാണ് ഒരിക്കൽ ശുദ്ധീകരണം പ്രാപിച്ചവർ അനുദിന ജീവിത്തതിൽ ശുദ്ധീകരണം പ്രാപിച്ചുകൊണ്ടിരിക്കേണ്ടവർ തന്നെയാണ്. (1യോഹ1:9, എബ്രാ12:14) കൈക്കുറക് ബലത്തെയും അധികാരത്തെയുമാണ് പ്രകടമാക്കുന്നത്. നമ്മുടെ കർത്താവിന്റെ കരങ്ങൾ ശക്തിയുള്ളതു തന്നെയാണ്. അവന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ. എന്നാണ് വചനം. എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയാകുന്നു. എന്നു പൗലോസ് പറഞ്ഞു. മല്ലനായ പിശാചിന്റെ തലതകർത്തവൻ, മരണത്തിന്റെ മേൽ വിജയം വരിച്ചവൻ, സകല നാമത്തിലും മേലായ നാമമുള്ളവൻ, എല്ലാ മുഴങ്കാലും മടങ്ങത്തക്കവണ്ണം അധികാരമുള്ളവൻ, എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് ഏറ്റുപറയത്തക്കവണ്ണം ഔന്നത്യമുള്ളവൻ; ഇങ്ങനെ ശ്രേഷ്ഠനായ കർത്താവ് സകലത്തെയും തന്റെ കാൽക്കീഴാക്കി നീതിയോടെ വാഴുവാൻ പോകുന്നു. നീങ്ങിപ്പോകാത്ത നിത്യ സിംഹാസനത്തിൽ ദാവീദിന്റെ വീണുപോയ കൂടാരത്തെ വീണ്ടും പണിത് ആ സിംഹാസനത്തിൽ എന്നേയ്ക്കും രാജാവായി വാഴും. ആ കർത്താവാണ് നമ്മുടെ ബലം. ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ എന്നു വായിക്കുന്നതുപോലെ കർത്താവിൽ നമ്മുടെ സകല ബലവും മഹത്വവും സ്തുതിയും അർപ്പിച്ചുകൊണ്ട്, അവനിൽ നിന്നും ബലം പ്രാപിച്ചു കൊണ്ട് നമുക്കും തിരുനാമ മഹിമയ്ക്കായി ജീവിക്കാം. അവൻ നമ്മുടെ പാപം വഹിച്ചവനും (യെശയ്യാവ് 53:12) നമ്മുടെ ചിന്താകുലങ്ങൾ വഹിക്കുന്നവനും (സങ്കീ55:22) നമ്മെ തോളിലേറ്റി വീട്ടിലെത്തിക്കുവാൻ ശക്തനുമാണ്.( ലൂക്കോസ് 15:5) ഇന്നലെയും ഇന്നും എന്നേയ്ക്കും അനന്യനായ ആ കർത്താവിന്റെ ശക്തിയുള്ള കരങ്ങളിൽ നമുക്കും താണിരിക്കാം.

സമാധാനയാഗം രണ്ടു നിലയിൽ അവതരിപ്പിക്കാം(ലേവ്യ7:12-16)

സ്തോത്രയാഗമായി :- ക്രിസ്തുവിന്റെ യാഗത്തിലൂടെ പാപികളായ നമുക്കു സമാധാനം ലഭിച്ചു എന്നുള്ളതാണ് നാം സ്തോത്രയാഗം അർപ്പിക്കുന്നതിന്റെ അടിസ്ഥാന കാരണം. പിതാവാം ദൈവത്തോട് നിരപ്പും പാപക്ഷമയും ലഭിക്കാത്തവർക്കു സ്തോത്രയാഗം അർപ്പിക്കുവാനോ ആരാധിക്കുവാനോ സാദ്ധ്യമല്ല. അഥവാ ആരാധിച്ചാലും അത് ദൈവത്തിനു സൗരഭ്യവാസനയായിരിക്കയില്ല. സ്തോത്രമായുള്ള സമാധാനയാഗത്തോടു ചേർന്ന് ഭോജനയാഗം അർപ്പിക്കണമായിരുന്നു. അതു പുളിപ്പില്ലാത്ത എണ്ണ പുരട്ടിയ വടകളോ, എണ്ണ ചേർത്തു കുതിർത്ത പുളിപ്പില്ലാത്ത ദോശകളോ ആയിരിക്കണം. നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ ഏറ്റെടുത്ത കർത്താവ് ആരാധനയ്ക്ക് സർവ്വഥാ യോഗ്യൻ തന്നെ. രണ്ടു നിലയിലാണ് നാം കർത്താവിനെ ആരാധിക്കുന്നത്. ഒന്ന്, കർത്താവ് മനുഷ്യാവതാരമെടുക്കുന്നതിനു മുമ്പുള്ള തന്റെ മഹത്വം, മറ്റൊന്ന് തന്റെ പവിത്രമായ മനുഷ്യത്വം. ദൈവത്തിനു സുഗ്രാഹ്യമായ വഴിപാടും വഴിപാടും യാഗവുമായി അർപ്പിക്കപ്പെടുവാൻ തന്നെത്താൻ ഏൽപ്പിക്കപ്പെട്ട മനുഷ്യപുത്രൻ കരടും, കളങ്കവുമില്ലാത്ത വ്യക്തിത്വത്തിനുടമയാണെന്നു സ്പഷ്ടമാക്കപ്പെട്ടതിനു ശേഷമാണ് ക്രൂശിൽ ബലിയായി അർപ്പിക്കപ്പെട്ടത്.

സ്തോത്രയാഗമായി അർപ്പിക്കപ്പെടുന്ന യാഗമാംസം അത് അർപ്പിക്കുന്ന ദിവസം തന്നെ ഭക്ഷിക്കണം, പിറ്റെന്നാളേക്കു ഒട്ടും ശേഷിപ്പിക്കരുത്. സ്തോത്രയാഗത്തിന്റെ പുതുമയാണ് ഇവിടെ പ്രധാനം ആത്മീക നിറവിൽ ആരാധിക്കുമ്പോൾ ദൈവപുത്രന്റെ മഹത്വവും കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയും , പന്തിഭോജനത്തിന്റെ ആസ്വാദ്യതയും ഒന്നിച്ചനുഭവിച്ച് ഹൃദയത്തിൽ നിന്നും പൊന്തി വരുന്ന പുതുമയുള്ള സ്തോത്രമാണ് ദൈവത്തിനിഷ്ടം. പഴകിയതോ, അലക്ഷ്യമായതോ, ഉദാസീനമായതോ, ആത്മനിറവില്ലാത്തതോ ആയ ആരാധനയിൽ ദൈവം പ്രസാദിക്കുന്നില്ല. നമ്മുടെ ആരാധന എങ്ങനെയെന്നു വിലയിരുത്തുവാൻ ഈ ചിന്തകൾ നമ്മെ സഹായിക്കട്ടെ.

സ്തോത്രയാഗത്തിൽ പുളിമാവുകൊണ്ടുള്ള ദോശകളും സ്വീകാര്യമാണ് (ലേവ്യ7:11-13) എന്നാൽ അത് യാഗപീഠത്തിൽ ദഹിപ്പിക്കാൻ പാടില്ല. അത് അർപ്പിക്കുന്ന പുരോഹിതനുള്ളതാണ്. അർപ്പകനെത്തന്നെയാണ് ഈ പുളിപ്പ് പ്രതിനിധാനം ചെയ്യുന്നത്. നാം ഇന്നു കർത്താവിനെ ആരാധിക്കുന്നെങ്കിലും പാപജഡത്തിലാണു വസിക്കുന്നത്. നമ്മുടെ ആരാധനയിൽ കുറവുകളുണ്ടെന്നുള്ളത് നമുക്കു തന്നെ അതിവുള്ളതാണ്. എങ്കിലും കാരുണ്യവാനായ ദൈവം സമാധാനയാഗമായി അർപ്പിക്കപ്പെട്ട ക്രിസ്തുവിലൂടെ നമ്മെ കാണുന്നതുകൊണ്ടു നമ്മുടെ കുറവുകൾ പരിഗണിക്കാതെ ആരാധന സ്വീകരിക്കുന്നു എന്നത് ഏറെ ആശ്വാസകരമാണ്. ദൈവത്തിനു പുളിപ്പ് അനിഷ്ടമെങ്കിലും ക്രിസ്തുവിന്റെ യാഗത്തിലൂടെ നമ്മുടെ പാപം പോക്കി നമ്മെ ശുദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നമ്മുടെ ആരാധന സ്വർഗ്ഗത്തിൽ സുഗ്രാഹ്യമായിത്തീരുന്നത്.

ഉന്നതനായ ദൈവം തന്റെ ആർദ്ര കരുണയാൽ നമ്മെ ക്രിസ്തുവിലൂടെ മുൻകണ്ടതിനാൽ നമുക്കു ലഭിച്ചിരിക്കുന്ന സൗഭാഗ്യം എത്ര ശ്രേഷ്ഠമാണ്. ആ സ്നേഹത്തിന്റെയും കരുതലിന്റെയും മുമ്പിൽ സാഷ്ടാംഗം പ്രണാമം ചെയ്തും കുറവില്ലാത്ത ഒരു ആരാധന അർപ്പിക്കുവാൻ കഴിയുന്ന ആ നല്ല ദിവസത്തിനായി കാത്തുകൊണ്ടും നമ്മുടെ ജീവിതകാലം കഴിക്കാം. നേർച്ചയോ സ്വമേധാ ദാനമായോ.

ആരാധനയിൽ സമർപ്പണം അനിവാര്യമാണ്. നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ എന്നാണ് തിരുവചനം(റോമ 12:2) സമർപ്പണത്തിനു സ്തോത്രയാഗത്തെക്കാൾ സമയദൈർഘ്യമുണ്ട്. അതു വ്യക്തമാക്കുന്നതാണ് നേർച്ചയായി അർപ്പിക്കുന്ന യാഗമാംസം പിറ്റെന്നാളത്തേക്കും ഭക്ഷിക്കാം എന്നത്. എന്നാൽ മൂന്നാം ദിവസം വരെ ശേഷിപ്പിക്കാൻ പാടില്ല. അങ്ങനെയുള്ളതു തീയിൽ ചുട്ടുകളയണം. അതു തിന്നാൽ അറപ്പും കുറ്റവുമായിരിക്കും. അങ്ങനെയുള്ളവരെ യിസ്രായേൽ ജനത്തിൽ നിന്നും ഛേദിച്ചുകളയണം. ദൈവത്തിന്റെ വ്യവസ്ഥകൾ എത്ര കൃത്യവും ശ്രേഷ്ഠവുമാണ്! ഇതൊക്കെ മനസ്സിലാക്കിയാൽ നാം ദൈവീക കാര്യങ്ങളിൽ എത്ര കൃത്യമായും സൂക്ഷ്മതയും കരുതലുമുള്ളവരായിരിക്കും. അലസമായി ആരാധിക്കുന്നവരും ആത്മീക കാര്യങ്ങളെ ഉദാസീനതയോടെ വീക്ഷിക്കുന്നവരും ഇതൊരു മുന്നറിയിപ്പായി കരുതിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. ആരാധനയായാലും സമർപ്പണമായാലും ദൈവപ്രസാദം ലഭിക്കുമാറ് നാം ദൈവത്തിനായി ജീവിക്കുവാൻ കടപ്പെട്ടവരാണ്.



# പി വൈ പി എ യുടെ മെഗാ ബൈബിൾ ക്വിസ് 2020 ൽ ഒന്നാം സ്ഥാനം ഏ ജി കുവൈറ്റ് കരസ്ഥമാക്കി.

കുവൈറ്റ്: ഐ പി സി കുവൈറ്റ് യുവജന സംഘടനയായ പി വൈ പി എ യുടെ നേതൃത്വത്തിൽ ജനുവരി 10 ന് നടത്തിയ മെഗാ ബൈബിൾ ക്വിസ് 2020 ൽ 16 ടീമുകൾ പങ്കെടുത്തതിൽ ഒന്നാം സ്ഥാനം ഏ ജി കുവൈറ്റ് (200 K D), രാം സ്ഥാനം ഷാരോൺ ഫെലോഷിപ്പ് ചർച്ച് എബനേസർ(125 K D), മൂന്നാം സ്ഥാനം ഐ പി സി പെനിയേലും (75 K D)കരസ്ഥമാക്കി.യെഹസ്കേൽ,അപ്പോ.പ്രവർത്തികൾ,ലൂക്കോസ് എന്നീ പുസ്തകങ്ങൾ ആസ്പദമാക്കി വിവിധ റൗണ്ടുകളായാണ് മത്സരം നടത്തിയത്.

# റിപ്പബ്ലിക് ദിന പരേഡിൽ സ്ഥിരമായി പാടാറുള്ള ക്രിസ്തീയ ഗാനം ഒഴിവാക്കി കേന്ദ്ര സർക്കാർ



**ഡൽഹി:** റിപ്പബ്ലിക് ദിന പരേഡിൽ ബീറ്റിംഗ് റിട്രീറ്റ് സ്ഥിരമായി പാടാറുള്ള എബൈഡ് വിത്ത് മി എന്ന ക്രിസ്തീയ ഗാനമാണ് കേന്ദ്ര സർക്കാർ ഇത്തവണ ഒഴിവാക്കിയിരിക്കുന്നത്. 19 -ാം നൂറ്റാണ്ടിൽ സ്കോട്ടിഷ് കവിയായ ഹെൻട്രി ലൈറ്റ് എഴുതിയതാണ് ഈ കവിത. മൈസൂർ രാജാവിനെ സന്ദർശിച്ച വേളയിൽ അദ്ദേഹത്തെ സ്വീകരിക്കുന്നതിനു വേണ്ടി മൈസൂർ പാലസ് ബാൻഡ് പാടിയ പാട്ടായിരുന്നു ഇത്. ഗാന്ധിജിക്ക് ഈ പാട്ട് വളരെയധികം ഇഷ്ടമായി. അതിനാൽ ഗാന്ധിജിയോടുള്ള ആദര സൂചകമായി 1950 ൽ മൈസൂർ ബാൻഡിനെക്കൊണ്ട് റിപ്പബ്ലിക് ദിനത്തിൽ ഈ ഗാനം പാടിപ്പിച്ചിരുന്നു.2017 ലും 2018 ലും ഈ ഗാനം റിപ്പബ്ലിക് ദിന പരേഡിൽ പാടിയിരുന്നു.എന്നാൽ ഈ വർഷം ഈ ഗാനം ഒഴിവാക്കി ഇതിനു പകരം വന്ദേമാതരം ആലപിക്കും.

01 –ാം പേജ് തുടർച്ച

കുറ്റങ്ങൾ. സെനറ്റിൽ രണ്ടിനും വെവ്വേറെ വോട്ടെടുപ്പ് നടത്തി.

അമേരിക്കൻ പ്രസിഡന്റായി താൻ തന്നെ എക്കാലവും തുടരുമെന്ന വീഡിയോ ഡോണാൾഡ് ട്രംപ് ഷെയർ ചെയ്തിട്ടുണ്ട്. സെനറ്റിലെ ട്രംപിന്റെ വിജയം ഒട്ടും അപ്രതീക്ഷിതമായിരുന്നില്ല. റിപ്പബ്ലിക്കൻ പാർട്ടിക്ക് ഭൂരിപക്ഷമുള്ള സെനറ്റിൽ വിധി ട്രംപിന് അനുകൂലമാകുമെന്നു തന്നെയായിരുന്നു പ്രതീക്ഷ.പ്രസിഡന്റിന്റെ പ്രവർത്തി തെറ്റും ലജ്ജാകരവുമാണ്. എന്നാൽ സ്ഥാനത്തുനിന്ന് പുറത്താക്കാൻ മാത്രം ഗൗരവകരമല്ലെന്നാണ് റിപ്പബ്ലിക്കൻ അംഗങ്ങൾ പ്രതികരിച്ചത്. അതേസമയം, റിപ്പബ്ലിക്കൻ സെനറ്റർ മിറ്റ് റോമ്നി സ്വന്തം പാർട്ടിക്കാരനായ ഒരാളെ പുറത്താക്കുന്നതിനുള്ള പ്രമേയത്തെ അനുകൂലിച്ചത് അമേരിക്കൻ ചരിത്രത്തിലെ ആദ്യ സംഭവമായി മാറി.

ഡെമോക്രാറ്റിക് നേതാവ് ജോ ബൈഡനും മകനും നേരെ അന്വേഷണം നടത്താൻ യുക്രൈനുമേൽ സമ്മർദ്ദം ചെലുത്തിയെന്ന കേസിലാണ് ട്രംപിനു നേരേയുള്ള ഇംപീച്ച്മെന്റ് നടപടിക്കു തുടക്കം.2019 ഡിസംബർ 18 നായിരുന്നു ഡെമോക്രാറ്റുകൾക്ക് ഭൂരിപക്ഷമുള്ള യു എസ് ജനപ്രതിനിധി സഭയിൽ ട്രംപിനെതിരായ ഇംപീച്ച്മെന്റ് പ്രമേയം അംഗീകരിച്ചത്. തുടർന്നായിരുന്നു സെനറ്റിലെ വിചാരണ. ഇതോടെ ജനപ്രതിനിധി സഭയിൽ ഇംപീച്ച് ചെയ്യപ്പെടുകയും സെനറ്റ് മുമ്പാകെ വിചാരണയ്ക്കെത്തുകയും ചെയ്ത മൂന്നാമത്തെ പ്രസിഡന്റായി ട്രംപ് മാറി.

## യു പി എഫ് ഭക്തവത്സലൻ സംഗീതപുരസ്കാരം സൂര്യ സ്റ്റാൻലിക്ക്

കുന്നംകുളം യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പ് യൂത്ത് വിങ്ങിന്റെ യു പി എഫ് -ഭക്തവത്സലൻ സംഗീത പുരസ്കാരത്തിന് ഏറ്റവും കൂടുതൽ പോയിന്റ് നേടി ചർച്ച് ഓഫ് ഗോഡ് ചേലക്കര കുറുമല ദൈവസഭാംഗമായ സൂര്യ സ്റ്റാൻലി അർഹയായി. ക്രൈസ്തവ സംഗീത ലോകത്തെ അനുഗ്രഹീത സംഗീതജ്ഞൻ പാസ്റ്റർ ഭക്തവത്സലൻ തന്റെ സ്വദേശത്തെ സംഗീതപ്രതിഭകളെ കണ്ടെത്തുവാനും, ദൈവം നൽകിയ താലന്തുകൾ ദൈവനാമ മഹത്വത്തിനായി കൂടുതൽ വിനിയോഗിക്കുവാൻ പ്രചോദനം നൽകുവാനുമാണ് ഈ അവാർഡെന്ന് പാസ്റ്റർ ഭക്തവത്സലൻ പറഞ്ഞു. ജനുവരി 24 മുതൽ 26 വരെ കുന്നംകുളം സുവാർത്താ നഗറിൽ നടക്കുന്ന റിവൈവൽ 2020 യുപിഎഫ് 39 മത് വാർഷിക കൺവൻഷന്റെ സമാപന സമ്മേളനത്തിൽ വെച്ച് ഈ അവാർഡ് സമ്മാനിക്കും.

# ബെഥേൽ ബൈബിൾ കോളേജ് ബിരുദദാന സമ്മേളനം ഫെബ്രു. 2ന്

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് സ്ഥാപനമായ ബെഥേൽ ബൈബിൾ കോളേജ് ബിരുദദാന സമ്മേളനം ഫെബ്രുവരി 2ന് ഞായറാഴ്ച വൈകുന്നേരം 4.30 ന് നടക്കും. പ്രിൻസിപ്പാൾ റവ. സാമുവൽകുട്ടി ആദ്ധ്യക്ഷത വഹിക്കും. റവ. ഡോ.ഫിന്നി ഫിലിപ്പ് മുഖ്യ സന്ദേശം നൽകും. ഏ ജി മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ പി എസ് ഫിലിപ്പ് സമർപ്പണ പ്രാർത്ഥന നടത്തും. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, മേഖല ഡയറക്ടർമാർ, പൂർവ്വ വിദ്യാർത്ഥി കമ്മിറ്റി അംഗങ്ങൾ, സഭാ ശുശ്രൂഷകൻമാർ, പ്രെസ്ബിറ്റേഴ്സ്, അഭ്യൂദയകാംക്ഷികൾ കൂടാതെ സ്വദേശത്തും, വിദേശത്തുമുള്ള അനേകർ ഈ സമ്മേളനത്തിൽ പങ്കാളികൾ ആകും.

# റവ.റെജി കെ തോമസിന് ഫിലാൻത്രോപ്പിക്മാൻ ഓഫ് ദ ഇയർ അവാർഡ് ലഭിച്ചു.



മാവേലിക്കര: വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കെ യു എൻ സൊസൈറ്റിയുടെ ഈ വർഷത്തെ ഫിലാൻത്രോപ്പിക്മാൻ ഓഫ് ദ ഇയർ അവാർഡ് കല്ലുമല ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യാ ഇവാഞ്ചലിക്കൽ മി,ൻ ഡയറക്ടർ റവ.റെജി കെ തോമസിന് ലഭിച്ചു. 2018-2019 വർഷങ്ങളിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കേരളസമൂഹത്തിന് നൽകിയ സംഭാവനകളെയും ഐഇഎം പ്രവർത്തനങ്ങളെയും പരാമർശിച്ചാണ് പുരസ്കാരം നൽകിയത്. ഡിസംബർ 12 ന് ഐഇഎം ആഡിറ്റോറിയത്തിൽ വെച്ച് നടന്ന ചടങ്ങിൽ കെ യു എൻ ഡയറക്ടർ ഡോ.അയിങ്ങ് കൊൻയാക് പുരസ്കാരം നൽകി. ഇദംപ്രഥമായാണ് കേരളത്തിൽ നിന്നൊരാൾ ഈ പുരസ്കാരം നേടുന്നത്. 25 വർഷമായി മാവേലിക്കര ഐഇഎം ഡയറക്ടറായി റെജി പ്രവർത്തിക്കുന്നു.

01 –ാം പേജ് തുടർച്ച

ത്തുക്കളോട് ആവശ്യപ്പെട്ടു.

ഈ സന്ദേശങ്ങൾ ഓൺലൈനായി വ്യാപകമായി പ്രചരിച്ചു.അഭ്യൂഹങ്ങൾ പ്രചരിപ്പിച്ചെന്നാരോപിച്ച് ജനുവരി 3 ന് ചൈനീസ് അധികൃതർ നടപടി സ്വീകരിച്ചു. ഒടുവിൽ തനിക്ക് തെറ്റുപറ്റിയെന്നും ഭാവിയിൽ ആവർത്തിക്കില്ലെന്നും സത്യവാങ്മൂലം നൽകിയതോടെയാണ് അധികൃതർ നടപടി അവസാനിപ്പിച്ചത്. എന്നാൽ ഈ മുന്നറിയിപ്പ് സത്യമായി മാറുകയാണ് ചെയ്തത്.

Available on the iPhone App Store
ANDROID APP ON Google play
http://www

THE END TIME NEWS
VOICE OF HARVESTING SOULS MISSION

# വാർത്തകൾ



## വായ്മൊഴി

1. ജ്ഞാനം ഒരു നിധിയാണ്
പ്രയോഗം ആണ് അതിന്റെ താക്കോൽ

2. ദൈവത്തിന്റെ പണിശാലയിലെ വലിയ ഒരു ഉപകരണമാണ് കഷ്ടത.

3. ദൈവം നമ്മുടെ കുറ്റം ക്ഷമിച്ചാലും നാം നമ്മോടു തന്നെ ക്ഷമിക്കാതിരിക്കുന്ന അവസ്ഥയിലും നാം അസ്വസ്ഥരായി തീരാവുന്നതാണ്.

4. ദേവാലയത്തോടു അടുത്തിരിക്കുന്തോറും ദൈവത്തോടു അകന്നിരിക്കുന്നു.

5. പ്രാർത്ഥന വിശ്വാസത്തിന്റെ ശബ്ദമാണ്.

6. ഏറ്റവും പ്രധാനമായി പഠിക്കുവാനുള്ളത് സ്വാർത്ഥതയെ നിയന്ത്രിക്കുവാനാണ്



Pr.P.V.S C.BD

7. വിലയുള്ള വ്യക്തിക്കേ മനുഷ്യരിലുള്ള മൂല്യം കണ്ടെത്തുവാൻ കഴിയൂ.

8. അസൂയ ആത്മാവിന്റെ ദാരിദ്ര്യത്തിൽ നിന്നും ഉടലെടുത്തതാണ്.

9. പ്രശംസ വേണ്ടെന്നു പറയുന്നവൻ രണ്ടു തവണ പ്രശംസിക്കണമെന്ന ആഗ്രഹം കൊണ്ടാണ്.

10. സ്വയം അളക്കുവാൻ ശരിക്കു കഴിയുന്നവന് ആത്മപ്രശംസയ്ക്ക് ഇട കുറയും.

## കരിസ്മ ക്രൂസേഡ് 2020



**തിരുവല്ല:** തിരുവല്ലയിലെ ഐപിസി പ്രയർ സെന്റർ സഭാ നേതൃത്വം നൽകുന്ന കരിസ്മ ക്രൂസേഡ് 2020 ജനുവരി 26 മുതൽ ഫെബ്രുവരി 2 വരെ മഞ്ഞാടി ജംഗ്ഷനിലുള്ള പ്രയർ സെന്റർ സഭയുടെ സ്റ്റേഡിയത്തിൽ നടക്കും. ക്രൂസേഡ് സഭാ സ്ഥാപകനും സീനിയർ ശുശ്രൂഷകനുമായ പാസ്റ്റർ രാജു പൂവക്കാല ഉദ്ഘാടനം ചെയ്യും. പ്രശസ്ത പ്രാസംഗീകരായ റവ.എൻ. പീറ്റർ, സാറാ കോവൂർ എന്നിവർ ദൈവവചനം പ്രസംഗിക്കും. ഇവരെ കൂടാതെ റവ. ഡോ.കെ.സി.ജോൺ, പാസ്റ്റർമാരായ ബാബു ചെറിയാൻ, പി.സി.ചെറിയാൻ,റെജി ശാസ്താംകോട്ട, അനീഷ് കൊല്ലം എന്നിവരും പ്രസംഗിക്കും. പ്രയർ സെന്റർ വോയ്സ് ഗാന ശുശ്രൂഷ നിർവഹിക്കും. 26 ന് ആരാധനയോടെ ആരംഭിക്കുന്ന യോഗങ്ങൾ ദിവസവും പകലും രാത്രിയിലുമായി നടക്കുന്നു. രാത്രി യോഗം കഴിഞ്ഞ് വിവിധ സ്ഥലങ്ങളിലേയ്ക്ക് വാഹനസൗകര്യം ഉണ്ടായിരിക്കും. വിശദ വിവരങ്ങൾക്ക് : 9447563009

## അമേരിക്കയിൽ പബ്ലിക് സ്കൂളുകളിൽ പ്രാർത്ഥന നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും.

വാഷിംഗ്ടൺ: രാജ്യത്തുള്ള എല്ലാ പബ്ലിക് സ്കൂളുകളിലും ഇനി മുതൽ പ്രാർത്ഥന നടത്തുന്നതിനുള്ള ഫെഡറൽ ഫ് അനുവദിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമെന്ന് വൈറ്റ് ഹൗസ് പ്രസ്താവിച്ചു.

ഫെഡറൽ പരിപാടികളിൽ റിലീജിയസ് ഓർഗസേഷനുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിന് പ്രസിഡന്റ് ട്രംപ് നടപടികൾ സ്വീകരിക്കുന്നതായും പ്രസ്താവനയിൽ പറയുന്നു.

ട്രംപിന്റെ ഇവാഞ്ചലിക്കൽ അഡൈ്വസറി ബോർഡ് അംഗം ജോണി മൂർ വൈറ്റ് ഹൗസിന്റെ പുതിയ നീക്കത്തെ സ്വാഗതം ചെയ്തു.

Available on the iPhone App Store
ANDROID APP ON Google play
http://www.

THE END TIME NEWS
VOICE OF HARVESTING SOULS MISSION



# അടയാളങ്ങളുടെ ആരംഭം





പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.

യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വച്ച് ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി; അവന്റെ ശിഷ്യന്മാർ അതിൽ വിശ്വസിച്ചു.(യോഹ 2:11)

യേശു കടന്നുവരുന്ന, പങ്കെടുക്കുന്ന എല്ലാ ഭവനങ്ങളിലും പുതുവീഞ്ഞിന്റെ, പുത്തൻഅനുഭവങ്ങൾ തുറക്കപ്പെടും. കാനായിലെ കല്യാണവീട് ആഘോഷ തിമിർപ്പുകൾക്കിടയിൽ പെട്ടെന്ന് നിരാശയിലാു. കരുതി വച്ചത് തികയാതെ വന്നപ്പോൾ, അപമാനഭാരത്താൽ കുനിയുന്ന ശിരസ്സുകൾ അവിടെയവിടെ കാണാം. പലരുടെ ചോദ്യശരങ്ങൾക്ക് മുൻപിൽ ഉത്തരം കിട്ടാതെ വീർപ്പുമുട്ടുന്ന നടത്തിപ്പുകാരെ കാണുന്നില്ലേ? പെട്ടെന്നിതാ യേശുവിന്റെ ശക്തി അവിടെ വെളിപ്പെട്ടു. അവൻ എന്തു കൽപ്പിച്ചാലും അതു ചെയ്യാൻ തയ്യാറുള്ള ഒരുപറ്റം ശുശ്രൂഷക്കാർ പച്ചവെള്ളം കിണറ്റിൽ നിന്ന് സംശയം കൂടാതെ കോരി കൽപാത്രങ്ങളിൽ നിറച്ചപ്പോൾ അവിടെ അത്ഭുതം വെളിപ്പെട്ടു. കിണറ്റിലെ പച്ചവെള്ളം കലവറയിൽ വീഞ്ഞായിത്തീർന്നു. നിറമില്ലാത്തതിന് നിറം വന്നു-മണമില്ലാത്തതിനു സുഗന്ധം ലഭിച്ചു. രുചിയില്ലാത്തത് നാവിൽ രുചിയേറുന്നതായി, വിലയില്ലാത്തത് വിലപിടിപ്പുള്ളതായി മാറി. കുനിഞ്ഞ ശിരസ്സുകൾ ഉയരുന്നു. വീും ആഘോഷങ്ങൾ തുടരുന്നു. ശൂന്യത നികത്തുന്ന യേശുവിനെ തിരിച്ചറിഞ്ഞ വിരുന്നുവാഴിയും വീട്ടുകാരനും. വിവാഗത്തിന്റെ ആദ്യദിനം തന്നെ ക്രിസ്തവിന്റ അത്ഭുതം ക ദമ്പതിമാർ. അനുസരിക്കുന്നവർക്കു വേി, അത്ഭുതം ചെയ്യുന്നവനെ ക ശുശ്രൂഷക്കാർ. കൽപാത്രത്തിനും കലവറയിൽ എത്താം എന്നു തിരിച്ചറിഞ്ഞ ദിവസം. ഇവിടെ നാം വായിക്കുന്നു: അവൻ തന്റെ മഹത്വം വെളിപ്പെടുത്തി. അവിടുന്ന് നമുക്കായി ചെയ്യുന്ന ഓരോ അത്ഭുതത്തിൽ കൂടിയും അവിടുത്തെ തിരുനാമം മഹത്വം എടുക്കുകയാണ്.

നിങ്ങളുടെ ജീവിതത്തിൽ ഒരത്ഭുത്തിനായി യേശുവിങ്കലേക്ക് കണ്ണുകൾ ഉയർത്തുക. അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ ഉയർത്തും.(സങ്കീ91:14)

പ്രാർത്ഥന:

യേശുവെ എന്റെ ജീവിത്തിൽ ഇന്ന് ഒരത്ഭുതത്തിന്റെ ആരംഭം കുറിക്കേണമേ. എനിക്കും അനേകർക്കും അത് വിശ്വാസത്തിനു കാരണമായിത്തീർന്ന് അവിടുത്തെ മഹത്വം വെളിപ്പെടുത്തേണമേ....ആമൻ.

## ഐപി സി ഗ്ലോബൽ മീഡിയ അസോസിയേഷൻ 2018 ലെ മികച്ച രചനകൾക്കുള്ള അവാർഡുകൾ പ്രഖ്യാപിച്ചു.

കുമ്പനാട്: മികച്ച പുസ്തകത്തിനുള്ള അവാർഡ് ക്രൈസ്തവ ലോകത്തെ വേറിട്ട എഴുത്തുകാരനും പ്രഭാഷകനും വേദാധ്യാപകനുമായ പാസ്റ്റർ ഫിലിപ്പ് തോമസിന്റെ "സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ ദൈവസഭ" എന്ന ഗ്രന്ഥത്തിനാണ് ലഭിച്ചത്.

മികച്ച ലേഖനം(മലയാളം) നിലമ്പൂർ സ്വദേശിയും മികച്ച പ്രഭാഷകനും വേദാധ്യാപകനും ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭയിൽ സീനിയർ ശുശ്രൂഷകനുമായ ഡോ. വിൽസൺ വർക്കിയുടെ ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ച "കൃപ ലഭിച്ച മറിയ" എന്ന ലേഖനത്തിന് ലഭിച്ചു.

മികച്ച ലേഖനം(ഇംഗ്ലീഷ്) ഇന്ത്യാ ബൈബിൾ സെമിനാരിയിലെ അദ്ധ്യാപകനായ ഡോ.ഷൈബുവിന്റെ റിവൈവ് മാസികയിൽ പ്രസിദ്ധീകരിച്ച"Church life ediflication of Christians" എന്ന ലേഖനത്തിനാണ് ലഭിച്ചത്. വനിതകൾക്കുള്ള അവാർഡ് സാഹിത്യരംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച സാലി മോനായിയുടെ ഉത്തമ സ്ത്രീ വനിതാ മാസികയിൽ പ്രസിദ്ധീകരിച്ച "മേരി റീഡ് ഭാരതത്തിലെ കുഷ്ഠരോഗികളുടെ മിഷനറി"എന്ന ലേഖനത്തിനാണ്.

നല്ല ടി വി ഷോ യ്ക്കുള്ള അവാർഡ് തിരുവനന്തപുരം സ്വദേശിയായ ഏഴ് വയസ്സുള്ള അനന്തു എന്ന ബാലന്റെ നൊമ്പരപ്പിക്കുന്ന ജീവിതാവസ്ഥ പ്രേക്ഷകരിൽ എത്തിച്ച ന്യൂസ് സ്റ്റോറിക്ക് പവർ വിഷൻ ടി വിക്ക് ലഭിച്ചു.

ജൂറി ശുപാർശ ചെയ്ത അവാർഡിനർഹമായ കൃതികൾ ഡിസം.30 ന് തിരുവല്ലയിൽ കൂടിയ അവൈലബിൾ കമ്മിറ്റി വിലയിരുത്തി. ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ വൈസ് പ്രസിഡന്റ് പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ അദ്ധ്യക്ഷനായിരുന്നു. എക്സിക്യൂട്ടീവ് അംഗങ്ങളായ പാസ്റ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ, ഫിന്നി പി മാത്യൂ, സജി മത്തായി കാതേട്ട് എന്നിവർ സന്നിഹിതരായിരുന്നു. കുമ്പനാടി കൺവൻഷനോടനുബന്ധിച്ച് ജനുവരി 17 ന് ഉച്ചകഴിഞ്ഞ് നടക്കുന്ന മീറ്റിംഗിൽ അവാർഡുകൾ വിതരണം ചെയ്യും.

# കർണാടകയിൽ അന്ധവിശ്വാസ നിരോധന നിയമം പ്രാബല്യത്തിൽ

ബെംഗളൂരു: കർണാടകത്തിൽ അന്ധവിശ്വാസ നിരോധന നിയമം നടപ്പാക്കിക്കൊണ്ടുള്ള വിജ്ഞാപനം ബിജെപി ഗവർൺമെന്റ് പുറത്തിറക്കി. അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കയോ, മനുഷ്യത്വത്തിനു നിരക്കാത്ത ദുരാചാരങ്ങൾ നടത്തുകയോ ചെയ്താൽ ഇനി ഏഴുവർഷം തടവും 50,000 രൂപ പിഴയും ശിക്ഷയാകും.

സാധാരണക്കാരെ ബാധിക്കുന്ന ക്രൂരവും വഞ്ചനാപരവുമായ ദുരാചാരങ്ങൾ കുറ്റകൃത്യമാക്കുന്നതാണ് നിയമം. ആഭിചാരവും ദുർമന്ത്രവാദവും ഇനി കുറ്റകരമാണ്. ആരോഗ്യപരമായ സാമൂഹിക അന്തരീക്ഷം നിലനിർത്തുകയും സമൂഹത്തിൽ ശാസ്ത്രീയ അവബോധമുണ്ടാക്കുകയുമാണ് ലക്ഷ്യമെന്ന് നിയമത്തിൽ പറയുന്നു.എല്ലാ അന്ധവിശ്വാസങ്ങളും ക്രിമിനൽ കുറ്റമാകും. കുറ്റകരമാകുന്ന ദുരാചാരങ്ങൾ ഇവയാണ്.

ആഭിചാരം, ദുർമന്ത്രവാദം, നിധിക്കു വേണ്ടിയുള്ള പൂജ. ബ്രാഹ്മണർ ഭക്ഷണം കഴിച്ച ഇലയിൽ ഉരുളുക, മനുഷ്യന്റെ അന്തസ്സിനെ ബാധിക്കുന്ന ദുരാചാരങ്ങൾ, സ്ത്രീകളെ വിവസ്ത്രയാക്കി നിർത്തൽ, നഗ്നനാരീപൂജ, നരബലി, മൃഗങ്ങളുടെ കഴുത്തിൽ കടിച്ച് കൊല്ലുക, ഉത്സവത്തിന്റെ ഭാഗമായുള്ള കനൽനടത്തം, വശീകരണ ഉപാധികൾ, പൂജകൾ, ഇതിനായുള്ള പരസ്യം, പൂജകളിലൂടെ അസുഖം മാറ്റൽ, കാര്യസിദ്ധിക്കായുള്ള പൂജകൾ, കുട്ടികളെ ഉപയോഗിച്ചുള്ള അപകടപരമായ ആചാരങ്ങൾ, നാവിലും കവിളിലും കമ്പി കുത്തിയിറക്കുക, പ്രേതത്തിന്റെ പേരിൽ ഭീതിപ്പെടുത്തൽ.

2017 ൽ മുഖ്യമന്ത്രിയായിരുന്ന സിദ്ധരാമയ്യയാണ് നിയമം കൊണ്ടുവന്നത്. നിയമസഭ പാസാക്കിയ വില്ലിന് ഗവർണർ വാജുഭായ് വാല അനുമതിയും നൽകിയിരുന്നു എന്നാൽ എതിർപ്പുകൾമൂലം ഈ നിയമം നടപ്പിലാക്കുവാൻ സാധിച്ചിരുന്നില്ല. ദൈവീക രോഗശാന്തിക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ നടത്തിയാൽ നിയമത്തിന് മുന്നിൽ വരുമെന്ന ഭീതിയിലാണ് ചില പെന്തക്കോസ്ത് സമൂഹം.

## യുഎഇ – യുപിഎഫ് 2020 – 21 ലേയ്ക്ക് പുതിയ ഭാരവാഹികൾ

ഷാർജ വർഷിപ്പ് സെന്ററിൽ വെച്ച് യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പ് യുഎഇ യുടെ ജനറൽബോഡി കൂടി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ ജോൺ മാത്യൂ (പ്രസിഡന്റ്) പാസ്റ്റർ ബിനു ജോൺ (വൈസ് പ്രസിഡന്റ്) ബ്രദർ ജിബു മാത്യൂ (സെക്രട്ടറി) ബ്രദർ ജെയിൻ വി ജോൺ (ജോ. സെക്രട്ടറി) ബ്രദർ കെ പി ബാബു (ട്രഷറർ) ബ്രദർ റെജി യോഹന്നാൻ (ജോ.ട്രഷറർ) ബ്രദർ കെ ജോഷ്വാ, ഇവാ.അഭിലാഷ് കോശി മാത്യൂ (ഓഡിറ്റർമാർ) ബ്രദർ സന്തോഷ് ഈപ്പൻ (ജനറൽ കോർഡിനേറ്റർ) പാസ്റ്റർ ദിലു ജോൺ, പാസ്റ്റർ ബ്ലസ്സൻ ചെറിയാൻ, പാസ്റ്റർ തോമസ് എബ്രഹാം (ക്യാമ്പ് കോർഡിനേറ്റർമാർ) പാസ്റ്റർ ജോൺ കോശി (മീഡിയ കോർഡിനേറ്റർ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

# 'റീബൂട്ട്'യുവജന ക്യാമ്പ് ടോറോന്റോയിൽ

കാനഡ: കാനഡ സ്പിരിച്ച്വൽ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായുള്ള പ്രത്യേക ക്യാമ്പ് ഏപ്രിൽ 10 മുതൽ 12 വരെ ബർലിംഗ്ടണിലുള്ള ഹോളിഡേ ഇൻ ബർലിംഗ്ടൺ കോൺഫ്രൻസ് സെന്ററിൽ വെച്ച് നടത്തപ്പെടും. ഏപ്രിൽ 10 ന് വൈകുന്നേരം 5 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് ഏപ്രിൽ 12 ന് ഉച്ചയ്ക്ക് അവസാനിക്കും.18–30 വരെ പ്രായമുള്ളവർക്ക് പങ്കെടുക്കാം. കാനഡയിലെ വിവിധ പട്ടണങ്ങളിലെ കോളേജുകളിൽ നിന്നുള്ള യുവജനങ്ങൾ പങ്കെടുക്കുന്നു.പ്രെയ്സ് & വർഷിപ്പ്, കൗൺസിലിങ്ങ്, ടാലന്റ് നൈറ്റ് തുടങ്ങിയ പ്രോഗ്രാമുകൾ ഉണ്ടായിരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 മാത്രമാണ് പ്രവേശനം. ഭക്ഷണവും ഉൾപ്പെടെ 100 ഡോളർ ആണ് രജിസ്ട്രേഷൻ ഫീസ്.

## ഐപിസി വൈക്കം സെന്റർ കൺവൻഷൻ ഫെബ്രു. 20 – 23 വരെ

ഐപിസി വൈക്കം സെന്ററിൻറെ 64 മത് കൺവൻഷൻ ഫെബ്രുവരി 20 മുതൽ 23 വരെ കുറുപ്പുന്തറ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൽ വെച്ച് ദിവസവും വൈകിട്ട് 6 മണി മുതൽ 9 മണി വരെ യോഗങ്ങൾ നടത്തപ്പെടും. ഐപിസി വൈക്കം സെന്റർ മിനിസ്റ്റർ പാസ്റ്റർ രാജു ആനിക്കാട് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ സാം ജോർജ്ജ്, പാസ്റ്റർ ഫിലിപ്പ് പി തോമസ്, പാസ്റ്റർ എം ജയരാജ്, പാസ്റ്റർ എബ്രഹാം മറ്റത്തിൽ എന്നിവർ ദൈവവചനം സംസാരിക്കും. സെന്റർ ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.



THE END TIME NEWS
VOICE OF HARVESTING SOULS MISSION





# ലോകാവസാനം ക്രിസ്തുവിന്റെ ഭരണവും

ബ്രദർ സി.വി രാജൻ

**യേ**ശുക്രിസ്തുവിന്റെ ഈ പ്രത്യക്ഷതയിൽ ദൈവത്തിന്റെ ശത്രുവായ സാത്താൻ മനുഷ്യനിലൂടെ പടുത്തുയർത്തിയ ലോക ഭരമക്രമീകരണത്തിന് അവസാനം വരുത്തും( വെളിപ്പാട്19:15-18)

ദൈവത്തിനെതിരെ തിരിഞ്ഞ സർവ്വ സൈന്യങ്ങളുടെയും യുദ്ധായുധങ്ങളുടെ നിയന്ത്രണം ദൈവത്താൽ നഷ്ടപ്പെടുവാൻ കാരണമായി അവർ പരസ്പരം യുദ്ധം ചെയ്യും. അതിനാൽ അണുവായുധങ്ങൾ പൊട്ടിത്തെറിക്കുകയും സൈന്യങ്ങൾ നിന്ന നിൽപ്പിൽ ഉരുകിവീഴുകയും ചെയ്യും. (സെഖര്യ14:12,13, വെള്പ്പാട് 16:8,9) ഇപ്പോൾ തന്നെ രണ്ടു മിനിറ്റു കൊണ്ട് ഭൂമിയെ പന്ത്രണ്ടു പ്രാവശ്യം നശിപ്പിക്കാനുള്ള അണുവായുധമാണ് മനുഷ്യർ ലോകത്ത് ഉണ്ടാക്കി വച്ചിരിക്കുന്നത് എന്ന് ഓർക്കുവിൻ.

യുദ്ധത്തിന്റെ ഭീകരതയിൽ റേഡിയേഷൻ മൂലം കുടിക്കുവാൻ പോലും വെള്ളം ലഭിക്കാതെ ഇസ്രായേൽ ജനം നിലവിളിക്കുമ്പോൾ (വെളിപ്പാട് 16: 3,4) ആ നിലവിളി ദൈവം കേട്ട സമയം യേശുക്രിസ്തു ഒലിവു മലയിൽ ഇറങ്ങി കാൽവയ്ക്കുകയും , ഒലിവു മല കിഴക്കു പടിഞ്ഞാറായി രണ്ടായി പിളരുകയും, അതിൽ നിന്ന് വലിയൊരു നദി പുറപ്പെടുകയും ചെയ്യും. (സെഖര്യ 14:4) അതിലെ വെള്ളം കുടിച്ച് അവർ ജീവൻ നിലനിർത്തികൊണ്ട് ശേഷിക്കുന്ന ഇസ്രായേൽ ജനവും അഭയാർത്ഥികളായി ഓടിപ്പോകുകയും ചെയ്യും.(സെഖര്യ14:5,8)

കർത്താവായ യേശുക്രിസ്തു ഭൂമിയിൽ കാൽവച്ച ഉടനെ സാത്താന്റെ ശക്തിയാൽ ഭരണം നടത്തിയിരുന്ന എതിർക്രിസ്തുവിനെയും (മൃഗം) മനുഷ്യരെ ചതിച്ച എതിർക്രിസ്തുവിന്റെ കള്ളപ്രവാചകനെയും ജീവനോടെ ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ തള്ളുകയും ചെയ്യും.(മത്തായി 10:28, വെളിപ്പാട്19:20) അതോടുകൂടി ജാതികളുടെ കാലം അവസാനിക്കും.

അനന്തരം സാത്താനെ അറസ്റ്റ് ചെയ്ത് അഗാധത്തിൽ അടച്ചുപൂട്ടുകയും ഭൂമിയിലെ എല്ലാ ഇടർച്ചയും ഇല്ലാതാക്കി മനുഷ്യരുടെ ഭരണക്രമീകരണം അവസാനിപ്പിക്കുകയും ചെയ്യുന്നതിനാണ് ലോകാവസാനം എന്നു പറയുന്നത്.(വെളിപ്പാട് 19:21, 20:1,2)

തുടർന്ന് കർത്താവായ യേശുക്രിസ്തു മാനസാന്തരപ്പെട്ട് വീണ്ടും ജനിച്ച ഇസ്രായേൽ ജനതകളിൽ നിന്ന് താൻ തെരഞ്ഞെടുക്കപ്പെട്ട (വൃതന്മാർ) അഭയാർത്ഥികളായി ഓടിപ്പോടവരെ ലോകത്തിന്റെ നാനാദിക്കിൽ നിന്നും ദൂതന്മാർ മുഖാന്തിരം യുദ്ധം അവസാനിച്ചതിന്റെയും, വിജയത്തിന്റെയും മഹാകാഹള ശബ്ദം ധ്വനിപ്പിച്ചുകൊണ്ട് രണ്ടാമതും കൂട്ടിച്ചേർക്കും. അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടുകൂടെ അയക്കും. അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതിവരെയും നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും (മത്തായി 24:31) അന്നാളിൽ കർത്താവ് തന്റെ ജനത്തിൽ ശേഷിച്ചിരിക്കുന്ന ശേഷിപ്പിനെ അശ്ശൂരിൽ നിന്നും മിസ്രയീമിൽ നിന്നും ഏലാമിൽ നിന്നും ശിനാരിൽ നിന്നും ഹമാത്തിൽ നിന്നും സമുദ്രത്തിലെ ദ്വീപുകളിൽ നിന്നുംവീണ്ടുകൊൾവാൻ രണ്ടാം പ്രാവശ്യം കൈനീട്ടും. അവൻ ജാതികൾക്ക് ഒരു കൊടി ഉയർത്തി ഇസ്രായേലിന്റെ ഭ്രഷ്ടന്മാരെ ചേർക്കുകയും യെഹൂദായുടെ ചിതറിപ്പോയവരെ ഭൂമിയുടൈ നാലുദിക്കുകളിൽ നിന്നും ഒന്നിച്ചുകൂട്ടുകയും ചെയ്യും(യെശയ്യാവ് 11:11,12)

ശേഷം ഒരു സമ്പൂർണ്ണ ഭരണക്രമീകരണ മാറ്റമായിരിക്കും അന്നു നടക്കുക. തുടർന്ന് നീതിയുടെ രാജാവായ ക്രിസ്തുവിന്റെ ആയികം വർഷത്തെ ഭരണം തുടങ്ങും. അവന്റെ സഭയായ വിശുദ്ധന്മാരും അവനോടുകൂടെ ഭരണത്തിൽ പങ്കാലികളാകും.(ദാനി7:27, വെളിപ്പാട്2:26-28)

ഈ രാജാക്കന്മാരുടെ കാലത്ത് സ്വർഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും. ആ രാജത്വം വേറെ ഒരു ജാതിക്കും ഏൽപ്പിക്ക

തുടർച്ച 11 പേജിൽ

03–ാം പേജ് തുടർച്ച

അതായത്, നാം ദൈവവചനം നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കണമെന്ന് സാരം.

ഭക്ഷിക്കുമ്പോൾ മധുരവും കൈയ്പ്പും കലർന്ന അനുഭവം യോഹന്നാനുണ്ടാകുന്നു. ആഹരിക്കുമ്പോൾ മാധുര്യം മാത്രമല്ല, അതിന് പശ്ചാത്താപത്തിലേക്കും നയിക്കുവാൻ കെൽപ്പുള്ളതാണെന്നും ബോധ്യപ്പെടും. എക്കാലത്തുമുള്ള ദൈവജനത്തിന് ഉപകരിക്കത്തക്കവിധം വ്യാപകമായ സന്ദേശങ്ങൾ തിരുവെഴുത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

നാല്, ദൈവവചനം ഒരു ബീജമാണ്. അതിനാൽ അതു നമ്മുടെ ഹൃദയമാകുന്ന വയലിൽ കിടന്നു മുളച്ചു വളരണം.(മത്തായി 13:1–23)

ചിന്തകൾ പ്രവത്തികളുടെ ബീജങ്ങളാണെന്നു ബൈബിൾ ചൂണ്ടിക്കാണിക്കുന്നു. ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യങ്ങൾ സ്വാംശീകരിക്കുമ്പോൾ അവ നമ്മുടെ ജീവിത ചര്യയുടെ ഭാഗമായിത്തീരും. സത്യമായതും നീതിയായതും എല്ലാം നമ്മുടെ ചിന്തയ്ക്ക് വിഷയീഭവിക്കുമ്പോൾ അവ നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തും.(ഫിലിപ്പിയർ4:8) ബൈബിൾ വായിക്കുകയും അതിലെ വചനം അനുസരിക്കുകയും ചെയ്യുമ്പോൾ, നാം ജീവനുള്ള കത്തുകളായിത്തീരും.

അഞ്ച്, ദൈവാന്വേഷണ ഹൃദയത്തോടെ ബൈബിൾ പാരായണം ചെയ്യണം.

ദൈവത്തെ കണ്ടെത്താനുള്ള ചവിട്ടുപടിയാണല്ലോ ബൈബിൾ (യോഹ5:39) അതിനാൽ, നമ്മുടെ ഉദ്ദേശങ്ങൾ സാക്ഷാത്കരിക്കുന്നതിന് ബൈബിളിനെ നാം ആസ്രയിക്കുന്നത് അനുചിതമാണ്. ദൈവം ആരാണെന്നു വെളിപ്പെടുത്തിയിരിക്കുന്നത് ബൈബിൾ മാത്രമായതു കൊണ്ട് ദൈവത്തെക്കുറിച്ച് നമുക്കുള്ള മുൻവിധികളൊക്കെനാം മാറ്റിവച്ചിട്ടു വേണം ബൈബിൾ പാരായണം ചെയ്യേണ്ടത്. അപ്പോൾ മാത്രമാണ് ദൈവം തന്നെപ്പറ്റി നമുക്ക് ബോധ്യപ്പെടുത്തിത്തരുവാൻ ഇടയായിത്തീരുക.

ഇങ്ങനെ ബൈബിൾ പാരായണം കേവലം മറ്റു പുസ്തകങ്ങൾ പാരായണം ചെയ്യുന്ന ലാഘവത്തോടെയല്ല; പിന്നെയോ, ജാഗ്രതയോടും അതിലെ സത്യങ്ങൾ സ്വീകരിക്കാനുള്ള ജിജ്ഞാസയോടും അതു വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന അനുഗ്രഹങ്ങൾ അപാരമാണെന്നു നാം കാണുന്നു. അതിനാൽ ഇത്തരം ക്രിയാത്മകമായ തീരുമാനത്തോടെ തിരുവചനം നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുവാൻ ദൈവം സഹായിക്കട്ടെ.

10–ാം പേജ് തുടർച്ച

പ്പെടുകയില്ല. അത് ഈ രാജത്വങ്ങളെ ഒക്കെയും തകർത്ത് നശിപ്പിക്കുകയും എന്നേക്കും നിലനിൽക്കുകയും ചെയ്യും(ദാനി2:44)

സകല വംസങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു. അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതുമാകുന്നു. (ദാനി7:14). മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. ( മത്തായി 25:31) കർത്താവായ യേശുക്രിസ്തു വരുമ്പോൾ അവന്റെ കൂടെ സഭയും, മഹാപീഢനത്തിൻ മദ്ധ്യേ എടുക്കപ്പെട്ട ആദ്യഫലമായ 144000 പേരും ദൂതന്മാരും ഉണ്ടായിരിക്കും. (വെളിപ്പാട് 14:4) ഈ സമയം മുതൽ മൂന്നു ലോകവും (സ്വർല്ലോകം, ഭൂലോകം, അധോലോകം ഫിലിപ്പിയർ 2:10) യേശുവിന്റെ ഭരണത്തിൻകീഴിലായിരിക്കും.

ഇടയൻ ചെമ്മരിയാടുകളേയും കോലാടുകളെയും വേർതിരിക്കുന്നതുപോലെ അവൻ സകല ജാതികളെയും തന്റെ മുമ്പിൽ കൂട്ടിവരുത്തും ന്യായം വിധിക്കും. യിസ്രായേലിനെ ന്യായം വിധിക്കുന്നത് യേശുവിന്റെ ശിഷ്യന്മാരായിരിക്കും. (മത്തായി 19:28, വെളിപ്പാട്20:4) ശേഷിക്കുന്ന സകലജാതികളെയും യേശുവിന്റെ വിശുദ്ധന്മാർ ന്യായം വിധിക്കും. (1കൊരി 6:2, വെളിപ്പാട്2:26) ന്യായവിധിക്കു ശേഷം 2 സാക്ഷികളുൾപ്പെടെ രക്തസാക്ഷികളായവരും ഏഴു കാലാവസാനത്തിങ്കൽ (ദാനി12:13) പഴയനിയമ വിശുദ്ധന്മാരും ഉയർത്തെഴുന്നേൽക്കുന്നതാണ് ഒന്നാം പുനരുത്ഥാനം(വെളിപ്പാട് 20:5,6)

തുടർന്ന് ദൈവമായ രാജാവ് തന്റെ പുത്രനുവേണ്ടി കല്യാണസദ്യ കഴിക്കുന്ന സമയമാണ് ഭൂമിയിൽയേശുവിന്റെ 1000 വർഷം ഭരണം നടക്കുന്ന സമയം. അപ്പോൾ സമാധാനം കൊണ്ടും സമ്പൽ സമൃദ്ധികൊണ്ടും ഭൂമി നിറഞ്ഞിരിക്കും (സങ്കീ72:16) ഇങ്ങനെയാകുന്നു പുത്രന്റെ കല്യാണസദ്യ ഒരുക്കുന്നത്. (മത്തായി 22:2, 25:10, വെളിപ്പാട്19:9)

ഈ സദ്യയിലേക്കാണ് ഭൂമിയുടെ നാലുദിക്കിൽ നിന്നും അബ്രഹാമിനോടും യിസ്സഹാക്കിനോടും യാക്കോബിനോടും കൂടെ അനേകർ (ജാതികളിൽ നിന്ന് രക്ഷിക്കപ്പെട്ട് സ്വർഗ്ഗരാജ്യമായ ആയിരം ആണ്ടിലേക്ക് പ്രവേശിച്ചവർ ) പന്തിക്കിരിക്കുന്നത്. (മത്തായി8:11,12)

## പശ്ചിമ ബംഗാളിൽ ക്രിസ്ത്യൻ പള്ളിക്കു നേരെ ബോംബേറ്; 3 പേർ അറസ്റ്റിൽ

**കൊൽക്കത്ത:** കൊൽക്കത്തയിൽ നിന്ന് 120 കിലോമീറ്റർ അകലെയുള്ള ഈസ്റ്റ് മേദിനിപൂർ ജില്ലയിലെ ഭഗവാൻപൂരിലാണ് സംഭവം നടന്നത്. ശനിയാഴ്ച ഉച്ചയ്ക്ക് രണ്ടുമണിയോടെ വിശ്വാസികൾ പ്രാർത്ഥന കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ പള്ളിക്കു നേരെ ബോംബെറിയുകയായിരുന്നു. വിശ്വാസികൾ ഭയന്നോടിയപ്പോൾ അക്രമികൾ പള്ളിയിൽ കയറി മുദ്രാവാക്യം വിളിക്കയും വളരെ നാശനഷ്ടമുണ്ടാക്കുകയും ചെയ്തു. 8 പേരടങ്ങുന്ന സംഘമാണ് അക്രമണം നടത്തിയത് അതിൽ 3 പേരെ പള്ളിയിലെ വികാരി അലോക് ഘോഷ് പരാതിപ്പെട്ടതിനെ തുടർന്ന് പോലീസ് അറസ്റ്റു ചെയ്തു.പള്ളിയിലെ കസേരകളും, മേശകളും, ജനലുകളും,മൈക്രോഫോണുകളും കൂടാതെ വികാരിയുടെ കാറും അടിച്ചു തകർത്തു.സമീപ കാലത്ത് ഒഡീഷ, മധ്യപ്രദേശ്, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളിൽ ക്രിസിത്യൻ പള്ളികൾ ആക്രമിക്കയുണ്ടായി. ബംഗാളിൽ ആദ്യമായാണ് പള്ളി ആക്രമിക്കപ്പെടുന്നത്.

**Property for IMMEDIATE sale at Kozhuvalloor, Chengannur!**

House plot (30 cents) for sale in Kozhuvalloor, 10 minutes' drive (7 kilometers) from Chengannurtown. Original land with well water, that never runs dry even in summer. Frontage (30 ft.) Panchayath Road. No flood area. Suitable for residential and business needs. Very close to all amenities including schools, colleges, professional colleges, banks, temples, churches, government offices etc. Property of Pastor's family. Anyone interested, please contact Mr. A J John at +91 9745862898 or 04722898033. Email – maanueljoseph@gmail.com.


END TIME RADIO
Now available on End Time Radio
MALAYALAM STATION
EVERY MONDAY
9:00 AM
EVERY WEDNESDAY
9:00 PM
EVERY THURSDAY
9:00 AM
EVERY FRIDAY
9:00 AM
Pr MA Varghese
Pr Shibu Thomas
ദൈവവചനം ശുശ്രൂഷിക്കുന്നു
END TIME
CHRISTIAN
RADIO 24/7.
Stream inside outside or anywhere you go!
Computer
Smart phone
Tablet
Wireless speaker
Smart TV
Car-media player
and more..
GET IT ON Google Play
Download on the App Store
Waze - In - built App for
Traffic Alerts & Live Navigation
www.theendtimeradio.com
End Time Radio 24x7
endtimeradio24x7@gmail.com

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM




US GLASSTECH

We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

OUR OTHER ALUMINIUM PRODUCTS

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015

printed,published and owned by harvestingsoulsmission,chief editor Baiju Yacob

Share on